# ചെറുപുഷ്പ മിഷൻലീഗ്

**തലശ്ശേരി അതിരൂപതാ ബുള്ളറ്റിൻ – സെപ്റ്റംബർ 2016**

*"ഭാരതരക്ഷ ഭാരതമക്കളിൽ"* ലെയോ XIII മാർപ്പാപ്പ

സ്നേഹ ബഹു. അച്ചാ, സിസ്റ്റേഴ്സ്, കുഞ്ഞുമിഷനറിമാരെ,

ആത്മാവിലും ശരീരത്തിലും നിർമ്മലരായി ജീവിച്ച പരിശുദ്ധഅമ്മയുടെ പിറവിതിരുനാളിനായി പ്രാർത്ഥിച്ചൊരുങ്ങുന്ന സെപ്റ്റംബർ മാസത്തെ ആദ്യദിനങ്ങളിൽ നമ്മുടെ കൊച്ചുകൊച്ചു ത്യാഗങ്ങളും പ്രാർത്ഥനകളും സുകൃതങ്ങളുമൊക്കെ കോർത്തിണക്കി മനോഹരമായ ഒരു പിറന്നാൾ സമ്മാനം അമ്മയ്ക്ക് സമ്മാനിക്കാം. പരിശുദ്ധ അമ്മയെപ്പോലെ നന്മയുടെയും സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും പരിമളംപരത്തി, ലോകത്തിന്റെ മാലിന്യമേൽക്കാതെ വിശുദ്ധിയുടെ വഴിയെ മുന്നേറാൻ ഈ പിറവിതിരുനാൾ നിമിത്തമാകട്ടെയെന്ന് ആശംസിക്കുന്നു.

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
ഡയറക്ടർ, മിഷൻലീഗ്

| | |
|---|---|
| അനുസ്മരിക്കുന്ന തിരുനാൾ | : മാതാവിന്റെ പിറവിതിരുനാൾ |
| ,, വിശുദ്ധർ | : വി. മദർ തെരേസ, വി. മത്തായി, വി. വിൻസെന്റ് ഡിപോൾ |
| സുകൃതജപം | : വി. മദർതെരേസായെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ. |
| കാരുണ്യ പ്രവൃത്തി | : അറിവില്ലാത്തവരെ പഠിപ്പിക്കുക. |

## ശാഖകൾ ശ്രദ്ധിക്കാൻ

1 വ്യാഴം : എട്ട് നോമ്പാരംഭം. പ്രേഷിതപ്രവർത്തനങ്ങളുടെ വിജയത്തിനായി എട്ടുനോമ്പാചരിക്കുക.
4.ഞായർ : കാരുണ്യദിനം, മദർതെരേസായുടെ വിശുദ്ധപദവി പ്രഖ്യാപനം
5 തിങ്കൾ : വി. മദർതെരേസായുടെ തിരുനാൾ, അധ്യാപകദിനം. അധ്യാപകരെ സമർപ്പിച്ച് പ്രാർത്ഥിക്കുക.
8 വ്യാഴം : മാതാവിന്റെ പിറവിതിരുനാൾ
9. വെള്ളി : മിഷൻലിഗ് സ്ഥാപകഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 18–ാം ചരമവാർഷികം.

## മേഖലകൾ ശ്രദ്ധിക്കാൻ

എക്സിക്യൂട്ടീവ്, മേഖലാ കലോത്സവം
എം.റ്റി.സി. ഒന്നാം ക്ലാസ്സ്

## കഴിഞ്ഞമാസത്തെ പ്രവർത്തനങ്ങൾ

### കുഞ്ഞേട്ടൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മിയും

ഓഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച ചെമ്മലമറ്റത്ത്‌വച്ച് നടന്ന കുഞ്ഞേട്ടൻ അനുസ്മരണ സമ്മേളനത്തിലും സംസ്ഥാന മാനേജിംഗ് കമ്മിറ്റിയിലും അതിരൂപത ഭാരവാഹികൾ പങ്കെടുത്തു.

### അഭിനന്ദനങ്ങൾ

ഓഗസ്റ്റ് 4-ാം തീയതി വിയാനി ഡേയോടനുബന്ധിച്ച് എല്ലാ ശാഖകളിലും മേഖലകളിലും വൈസ്ഡയറക്ടർ സിസ്റ്റേഴ്സിന്റെയും ശാഖാ-മേഖലാ ഭാരവാഹികളുടെയും നേതൃത്വത്തിൽ ബഹു. വൈദികരെ സന്ദർശിച്ച് ആശംസകളർപ്പിക്കുകയും പ്രാർത്ഥിക്കുകയും ആദരിക്കുകയും ചെയ്തു. ശാഖാ-മേഖല-രൂപത ഡയറക്ടർ അച്ചന്മാരെയും അഭിവന്ദ്യ പിതാക്കന്മാരെയും ശാഖകൾക്ക് പ്രാർത്ഥിക്കാൻ ലഭിച്ച ബഹു. വൈദികരെയും സന്ദർശിച്ച് ആശംസകളർപ്പിക്കാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും നേതൃത്വം നൽകുകയും ചെയ്ത ബഹു. ശാഖാ-മേഖല വൈസ്ഡയറക്ടർ സിസ്റ്റേഴ്സിനും മേഖലാ ഭാരവാഹികൾക്കും പ്രത്യേകം അഭിനന്ദനങ്ങളും നന്ദിയും.

### അതിരൂപതാ സാഹിത്യമത്സരം

ഈ വർഷത്തെ അതിരൂപതാതല സാഹിത്യമത്സരം 2016 ഓഗസ്റ്റ് 24-ാം തീയതി വിവിധ സെന്ററുകളിൽവച്ച് നടത്തപ്പെട്ടു. മത്സരങ്ങളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ സ്ഥലസൗകര്യങ്ങളും എല്ലാവിധ സഹായസഹകരണങ്ങളും ഒരുക്കിത്തന്ന് സഹായിച്ച ഫൊറോന വികാരിയച്ചന്മാർക്കും മേഖലാഡയറക്ടർ അച്ചന്മാർക്കും മേഖലാഭാരവാഹികൾക്കും പ്രത്യേകം നന്ദിപറയുന്നു.

### പ്രയർ ബാങ്ക്

കാരുണ്യവർഷത്തോടനുബന്ധിച്ച് ലോകം മുഴുവനുമുള്ള കുട്ടികൾക്കായി ശാന്തിഗിരി, അടോട്ടുകയം ശാഖകളിലെ മാതാപിതാക്കൾ സമർപ്പിച്ച പ്രാർത്ഥനകൾ

| വി. കുർബാന | ജപമാല | സുകൃതജപം | ആശയടക്കം |
|---|---|---|---|
| 373 | 1211 | 8490 | 118 |

### ശാഖാ - മേഖലാവാർത്തകൾ

**വിയാനിഡേ:-** വിയാനിഡേയോടനുബന്ധിച്ച് പൈസക്കരി, കുന്നോത്ത് മേഖലാ ഭാരവാഹികളും ശാഖകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുട്ടികളും കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിലെ ബഹു. വൈദികരെ



സന്ദർശിച്ച് സമ്മാനങ്ങൾ നല്കി ആദരിക്കുകയും ആശംസകളർപ്പിക്കുയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്ത് വിയാനിഡേ ആഘോഷം നടത്തി. ബഹു. വൈദികർ തങ്ങളുടെ ഇടവകാ ജീവിതാനുഭവങ്ങൾ പങ്കുവച്ചത് ശ്രവിച്ച കുട്ടികൾക്ക് വൈദിക ജീവിതത്തിന്റെ മഹത്വവും ഒപ്പം ഇടവകാ ജനങ്ങൾക്കുവേണ്ടിയുള്ള വൈദികന്റെ ത്യാഗപൂർണ്ണമായ ജീവിതവഴികളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ സാധിച്ചു.

**അഗതിമന്ദിര സന്ദർശനം:** കാരുണ്യവർഷത്തോടനുബന്ധിച്ച് പൈസക്കരി മേഖലയുടെ നേതൃത്വത്തിൽ ആശാൻകവല തിരുരക്താശ്രമവും കരുണാപുരം കാരുണ്യഭവനും സന്ദർശിച്ച് സാമ്പത്തികസഹായവും സോപ്പ്, സോപ്പുപൊടി തുടങ്ങിയവയും നൽകി. കുന്നോത്ത് മേഖലയുടെ നേതൃത്വത്തിൽ കുന്നോത്ത് മേഴ്സിഹോമും നെല്ലിക്കാംപൊയിൽ മേഖലയുടെ നേതൃത്വത്തിൽ വിളമന അഗതി മന്ദിരവും സന്ദർശിച്ച് ബി.എം.ജി. ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ ശേഖരിച്ച സോപ്പ്, സോപ്പുപൊടി, ഡ്രസ്സ് എന്നിവ നല്കുകയും അന്തേവാസികൾക്കായി വിവിധ കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു.

### അൾത്താരബാലന്മാരുടെ സെമിനാർ

പൈസക്കരിയിലെ അൾത്താരബാലന്മാർക്കായി പയ്യാവൂർ ശാഖയിൽവച്ച് നടത്തിയ ഏകദിനസെമിനാർ ഫാ. ജോസഫ് തേനംമാക്കൽ ഉദ്ഘാടനം ചെയ്തു. അതിരൂപതാ വൊക്കേഷൻ പ്രൊമോട്ടർ ഫാ. ജിതിൻ വയലുങ്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. അൾത്താരബാലന്മാരുടെ മധ്യസ്ഥനായ വി. ജോൺ ബർക്കുമൻസിന്റെ തിരുനാൾ ആഘോഷവും വിശുദ്ധനെ പരിചയപ്പെടൽ, റാലി എന്നിവയും നടന്നു. 150 കുട്ടികൾ പങ്കെടുത്തു.

ചെമ്പേരി മേഖലയിലെ അൾത്താരബാലന്മാരുടെ ഏകദിനസെമിനാർ പുലിക്കുരുമ്പ ശാഖയിൽ വച്ച് നടന്നു. ഫാ. പോൾ മുഞ്ഞേലിൽ ഉദ്ഘാടനം ചെയ്ത സെമിനാറിൽ ഫാ. ജോസഫ് കുന്നേൽ ക്ലാസ്സ് നയിച്ചു. 105 കുട്ടികൾ സെമിനാറിൽ പങ്കെടുത്തു.

### കരുണയുടെ രാത്രി

ചെമ്പേരി മേഖലയുടെ നേതൃത്വത്തിൽ നടന്ന കരുണയുടെ രാത്രി - ജാഗരണ പ്രാർത്ഥന ഒഗസ്റ്റ് 12-ാം തീയതി ചെമ്പേരി ഫൊറോന പള്ളിയിൽവച്ച് നടന്നു. ഫൊറോന വികാരി ഫാ. ജോസഫ് കരിനാട്ട്, മേഖലാ ഡയറക്ടർ ഫാ. ജോസ് ആനാനിക്കൽ മേഖലാ ഭാരവാഹികൾ എന്നിവർ നേതൃത്വം നല്കിയ ജാഗരണ പ്രാർത്ഥനയിൽ ആരാധന, വചനസന്ദേശം, ജെറീക്കോ പ്രാർത്ഥന, ക്ലാസ്സ് എന്നിവ നടന്നു. വൈകുന്നേരം 7 മണിക്ക് വി. കുർബ്ബാനയോടെ ആരംഭിച്ച ജാഗരണ പ്രാർത്ഥന 13-ാം തീയതി രാവിലെ 5 മണിക്ക് വി. കുർബ്ബാനയോടെ സമാപിച്ചു.

## കുഞ്ഞേട്ടൻ അനുസ്മരണം

പൈസക്കരി മേഖലാതല കുഞ്ഞേട്ടൻ അനുസ്മരണം ഓഗസ്റ്റ് 13-ാം തീയതി ശനിയാഴ്ച പയ്യാവൂർ ശാഖയിൽ വച്ച് നടന്നു. കുഞ്ഞേട്ടന്റെ ചരിത്രം അവതരിപ്പിച്ച് കുട്ടികൾക്ക് കുഞ്ഞേട്ടനെക്കുറിച്ച് കൂടുതൽ അറിവുകൾ പകർന്നു നല്കുകയും കുഞ്ഞേട്ടനുവേണ്ടി പ്രത്യേകം പ്രാർത്ഥനാശുശ്രൂഷ നടത്തുകയും ചെയ്തു.

നെല്ലിക്കാംപൊയിൽ മേഖലയുടെ നേതൃത്വത്തിൽ ഓഗസ്റ്റ് 14-ാം തീയതി മണിക്കടവിൽവച്ച് കുഞ്ഞേട്ടൻ അനുസ്മരണവും പ്രാർത്ഥനാശുശ്രൂഷയും നടത്തി.

ചെറുപുഷ്പ മിഷൻ ലീഗ് സ്ഥാപകപിതാവ് കുഞ്ഞേട്ടന്റെ 7-ാം ചരമവാർഷികം അതിരൂപതാതലത്തിൽ കൊളക്കാട് ശാഖയിൽ വച്ച് നടത്തി. ദിവ്യബലിക്കും തുടർന്ന് കുഞ്ഞേട്ടനെക്കുറിച്ചുള്ള ക്ലാസ്സിനും അതിരൂപത ഡയറക്ടർ റവ.ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത് നേതൃത്വം നല്കി.

## ഹരിതോത്സവം

പൈസക്കരിമേഖലയുടെ നേതൃത്വത്തിൽ പ്രകൃതി സംരക്ഷണത്തിനായി വൃക്ഷതൈകൾ നട്ടുപിടിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ ഹരിതോത്സവം 2016-2017 നടത്തി. ഹരിതോത്സവ ദിനാചരണത്തോടനുബന്ധിച്ച് നടന്ന മീറ്റിംങ്ങ് ഫൊറോന വികാരി ഫാ. ജോസ് വെട്ടിക്കൽ ഉദ്ഘാടനം ചെയ്തു. മേഖലാഡയറക്ടർ ഫാ. ജോസഫ് നിരപ്പേൽ മേഖലയിലെ എല്ലാ ശാഖകൾക്കും വൃക്ഷതൈകൾ നല്കി.

## മതപീഢനത്തിനെതിരെ

രക്തസാക്ഷിയായ ഫാ. ഷാക്ഹൊമെലിനും ഫാ. ഉഴുന്നാലിനെ കണ്ടുകിട്ടാത്തതിനുമെതിരെ കുന്നോത്ത് മേഖലയിലും കാപ്പിമല ശാഖയിലും പ്രതിഷേധയോഗം, പ്രതിഷേധറാലി, പ്രതിഷേധ പ്രമേയം, പ്രാർത്ഥനായജ്ഞം, ആധുനിക ലോകത്തിൽ ക്രൈസ്തവസമൂഹം നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ചുള്ള കൊളാഷ് നിർമ്മാണം എന്നിവ നടന്നു.

## തെരുവുനായ് ശല്യത്തിനെതിരെ പ്രതിഷേധറാലി

മേലെചൊവ്വാ ശാഖയുടെ നേതൃത്വത്തിൽ തെരുവുനായ് ശല്ല്യത്തിനെതിരെ അർദ്ധദിന സെമിനാറും പ്രതിഷേധറാലിയും ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച നടത്തി. ഫാ. സ്കറിയ കല്ലൂർ, ശാഖാ ഡയറക്ടർ ഫാ. റോയി പുത്തൻപുരയ്ക്കൽ, വൈസ് ഡയറക്ടർ സി. റോഷ്നി എഫ്.സി.സി. എന്നിവർ ബോധവൽക്കരണ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി. തുടർന്ന് നടന്ന റാലിയിൽ ശാഖയിലെ മുഴുവൻ കുട്ടികളും പങ്കെടുത്തു.

## ജൂലൈ ഓഗസ്റ്റ് മാസത്തിലെ ടെലികിസ് വിജയികൾ

| | | | |
|---|---|---|---|
| ജൂലൈ 2 ശനി | - I | എലിസബത്ത് റാത്തപ്പള്ളി | - പേരാവൂർ |
| | | ട്രീസ പെരുകുന്നേൽ | - പെരിങ്ങാല |



| | | | |
|---|---|---|---|
| | II | അൽഫോൻസ കുഴിപ്പള്ളി | - പേരാവൂർ |
| | | അബ്രാഹം പേരോകുന്നേൽ | - പെരിങ്ങാല |
| ജൂലൈ 9 ശനി - | | ഡെൽന വെള്ളാരംകുന്നേൽ | - പേരാവൂർ |
| | | കൊച്ചുത്രേസ്യ കുഴികണ്ടത്തിൽ | - കോഴിച്ചാൽ |
| | | ത്രേസ്യ പാറക്കൽ | - പേരാവൂർ |
| ജൂലൈ 16 ശനി - | | ജോസഫ് വടക്കേക്കര | - ഉളിക്കൽ |
| | | അലീഷ പാലാക്കുഴിയിൽ | - വിജയഗിരി |
| | | ആൻ മരിയ വട്ടമറ്റത്തിൽ | - മാങ്കോട് |
| | | ഡെൽന പുതുപ്പറമ്പിൽ | - വിജയഗിരി |
| | | അന്നമ്മ അടവിച്ചിറ | - ചെമ്പന്തൊട്ടി |
| ജൂലൈ 23 ശനി - | | സെബാസ്റ്റ്യൻ വട്ടമറ്റത്തിൽ | - വിജയഗിരി |
| | | അമൽ കുന്നത്തേട്ട് | - വിജയഗിരി |
| | | സാനിയ കിഴക്കയിൽ | - പേരാവൂർ |
| | | അനിറ്റ പാലാക്കുഴി | - വിജയഗിരി |
| ജൂലൈ 30 ശനി - | | ആൻസ് മുപ്രപ്പള്ളി | - മേലേചൊവ്വ |
| | | ആൻ മരിയ വട്ടമറ്റം | - മാങ്കോട് |
| | | അബ്രാഹം പേരൂക്കുന്നേൽ | - പെരിങ്ങാല |
| | | ഫിലോമിന പൂവന്തിങ്കൽ | - മാങ്കോട് |
| | | തെരേസ തെക്കേക്കര | - പെരിങ്ങാല |
| ഓഗസ്റ്റ് 6 ശനി - | | ബ്രിജിറ്റ വട്ടപ്പാറ | - തേർമല |
| | | അൽന മരിയ തേൻപ്ലാക്കൽ | - പുളിങ്ങോം |
| | | സ്നേഹ വലിയവീട്ടിൽ | - പേരാവൂർ |
| | | മരിയ പേരൂക്കുന്നേൽ | - പെരിങ്ങാല |

## ഓഗസ്റ്റ് മാസത്തിലെ ശാഖാ സന്ദർശനങ്ങൾ

ലിസ്സിഗിരി, പുലിക്കുരുമ്പ, കാഞ്ഞിരടുക്കം, കൊളക്കാട്, കരിക്കോട്ടക്കരി, മേരിഗിരി, ചെമ്പന്തൊട്ടി, കുടിയാന്മല, ദീപഗിരി, ചെടിക്കുളം, ചെറുപുഴ, പച്ചാണി, പുളിങ്ങോം, പെരുമ്പടവ്, എടക്കോം, പൂപ്പറമ്പ, മുണ്ടാനൂർ. കരിക്കോട്ടക്കരി, കാഞ്ഞിരക്കൊല്ലി എന്നീ ശാഖകളിൽ സന്ദർശനം നടത്തി.

## സെപ്റ്റംബർ മാസത്തിൽ ശ്രദ്ധിക്കാൻ

## സംസ്ഥാന സാഹിത്യമത്സരം

അതിരൂപതാതല സാഹിത്യമത്സരത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർ സെപ്റ്റംബർ 21-ാം തീയതി കണ്ണൂർ ശ്രീപുരം പാസ്റ്ററൽ സെന്ററിൽ വച്ച് നടക്കുന്ന സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കേണ്ടതാണ്. മത്സരത്തിൽ പങ്കെടുക്കുന്നവർ സെപ്റ്റംബർ 21-ാം തീയതി 9.30ന് ശ്രീപുരം പാസ്റ്ററൽ സെന്ററിൽ എത്തിച്ചേരാൻ ശ്രദ്ധിക്കുമല്ലോ.

## അതിരൂപതാ കലോത്സവം

ഈ വർഷത്തെ അതിരൂപതാബൈബിൾകലോത്സവം ഒക്ടോ.8 ശനിയാഴ്ച പൈസക്കരിയിൽവച്ച് നടക്കുന്നതായിരിക്കും. മേഖലാതല മത്സരത്തിൽ ഓരോ വിഭാഗത്തിലും ഒന്നാംസ്ഥാനം നേടുന്ന ഒരു ആൺകുട്ടിയുടെയും ഒരു പെൺകുട്ടിയുടെയും ഗ്രൂപ്പ് ഇനങ്ങളിൽ ഒന്നാംസ്ഥാനം നേടുന്ന ഗ്രൂപ്പ് അംഗങ്ങളുടെയും ലിസ്റ്റ് അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഫോറത്തിൽ English Capital letter-ൽ കൃത്യതയോടെ പൂരിപ്പിച്ച് സെപ്റ്റംബർ 24-ാം തീയതിക്കുള്ളിൽത്തന്നെ അതിരൂപതയിൽ എത്തിക്കേണ്ടതാണ്.

## ബൈബിൾ ദൃശ്യാവതരണം

അവതരണ സമയം മൂന്ന് മിനിറ്റ്. രംഗസജ്ജീകരണങ്ങൾക്കും അഴിച്ചുമാറ്റുന്നതിനുമായി പരമാവധി 7 മിനിറ്റ്. 5 പേരിൽ കൂടാൻ പാടില്ല. സംഭാഷണങ്ങളും കമന്ററികളും വേണമെങ്കിൽ മുൻകൂട്ടി റെക്കോഡ് ചെയ്ത് ഉപയോഗിക്കാം. ഇതിന് ആവശ്യമായ സി.ഡി പ്ലെയർ, ലാപ്ടോപ്പ് തുടങ്ങിയ ഉപകരണങ്ങൾ ടീം സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുവരികയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. രണ്ട് മൈക്കും ഒരു സ്വിച്ച്ബോർഡും അതിരൂപതാസമിതി നല്കും. കൂടുതൽ ഉപകരണങ്ങൾ ആവശ്യമെങ്കിൽ ടീം സ്വന്തം ഉത്തരവാദിത്വത്തിൽ കൊണ്ടുവരികയും കൈകാര്യം ചെയ്യുകയും ചെയ്യേണ്ടതാണ്. വൈദ്യുതിസംബന്ധമായ തകരാറുകൾ ഉണ്ടായാൽ ടീമിന് ആവശ്യമെങ്കിൽ വീണ്ടും അവസരം നൽകുന്നതായിരിക്കും. പവർപോയിന്റ് പ്രസന്റേഷൻ പാടില്ല.

## നാടോടിനൃത്തം

സമയം 5 മിനിറ്റ്. പാട്ട് ബൈബിൾ അധിഷ്ഠിതമായിരിക്കണം. ഒരു കുട്ടിക്ക് ഒരു വ്യക്തിഗത ഇനത്തിൽ മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. എന്നാൽ കഥാപ്രസംഗ ത്തിൽ പങ്കെടുക്കുന്ന കുട്ടിക്ക് വേണമെങ്കിൽ ഒരു വ്യക്തിഗത ഇനത്തിൽക്കൂടി (പാട്ടിനോ പ്രസംഗത്തിനോ) പങ്കെടുക്കാം. ഗ്രൂപ്പ് ഇനങ്ങൾക്ക് ഇത് ബാധകമല്ല. കൂടുതൽ നിർദ്ദേശങ്ങൾ മാർഗ്ഗരേഖ പേജ് 43 മുതൽ 47 വരെ കാണുക.

## അധ്യാപകദിനം

സെപ്റ്റംബർ 5 തിങ്കളാഴ്ച അധ്യാപകദിനത്തോടനുബന്ധിച്ച് ശാഖയിലെ മതാധ്യാപകർക്ക് ആശംസകളർപ്പിക്കുകയും എല്ലാ അധ്യാപകർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

## അംഗത്വ നവീകരണം

മുൻവർഷങ്ങളിൽ മിഷൻലീഗിൽ അംഗത്വം സ്വീകരിച്ച എല്ലാവരും ഒക്ടോ. 1ന് വി. കൊച്ചുത്രേസ്യായുടെ തിരുനാളിനോടനുബന്ധിച്ച് അംഗത്വം നവീകരിക്കുമല്ലോ.



## ഉണർവ്വ് - സൗഹൃദസംഗമം

2015, 2016 വർഷങ്ങളിലെ എം.റ്റി.സി. മിഷൻ തീർത്ഥയാത്രയിൽ പങ്കെടുത്ത കുട്ടികളുടെ സംഗമം സെപ്റ്റംബർ 16-ാം തീയതി 4 മണിമുതൽ 17-ാം തീയതി ഉച്ചവരെ കാഞ്ഞിരക്കൊല്ലിയിൽ വച്ച് നടത്തുന്നു. കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മിഷൻതീർത്ഥയാത്രയിൽ പങ്കെടുത്ത എല്ലാ കുട്ടികളും ഈ സൗഹൃദസംഗമത്തിൽ പങ്കെടുക്കുമല്ലോ.

## കാരുണ്യവർഷ ആൽബം

കാരുണ്യവർഷത്തോടനുബന്ധിച്ച് ശാഖാതലത്തിൽ കാരുണ്യവർഷ ആൽബം നിർമ്മിച്ച് മേഖലയിൽ ഒന്നാംസ്ഥാനം ലഭിക്കുന്ന ആൽബം നവംബർ 30ന് മുമ്പ് അതിരൂപത ഓഫീസിൽ എത്തിക്കുമല്ലോ. മത്സരം വ്യകിതഗതമായിരിക്കും. ഒരു ശാഖയിൽനിന്നും എത്ര കുട്ടികൾക്കുവേണമെങ്കിലും പങ്കെടുക്കാം. പേപ്പർ കട്ടിംഗ്സ്, ഫോട്ടോസ് എന്നിവയാണ് പ്രധാനമായും ഉപയോഗിക്കേണ്ടത്. ആൽബം നൂറ് പേജിൽ കവിയരുത്. അളവ് ലീഗൽ പേപ്പർ സൈസ് (22 x 34cm).

## അതിരൂപതാ വിഹിതങ്ങൾ

ഈ വർഷത്തെ വാർഷികവിഹിതവും (300രൂപ) അംഗത്വഫീസും (ശാഖയിലെ എല്ലാ അംഗങ്ങൾക്കും 2 രൂപ വീതം) അടയ്ക്കാനുള്ളവരും, കഴിഞ്ഞവർഷത്തെ കുടിശ്ശിക അടയ്ക്കാനുള്ളവരും അതിരൂപതാ കലോത്സവത്തിനുമുമ്പ് അടച്ച് സഹകരിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

## കാരുണ്യഭവനം

കാരുണ്യവർഷത്തോടനുബന്ധിച്ച് അതിരുപത മിഷൻലീഗിന്റെ നേതൃത്വത്തിൽ പാടാൻകവലശാഖയിൽ നിർമ്മിച്ചുകൊണ്ടിരുന്ന കാരുണ്യഭവന്റെ പണികൾ പൂർത്തിയായി. സെപ്റ്റംബർ 5-ാം തീയതി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവി വീട് വെഞ്ചരിച്ച നല്കുന്നതാണ്. പാടാംകവല ഇടവാംഗമായ മഞ്ഞളിയിൽ ബെന്നിക്കാണ് ഭവനം നൽകുന്നത്.

## മിഷൻപച്ചക്കറിത്തോട്ടം

പച്ചക്കറിത്തോട്ട മത്സരത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ശാഖകൾ സെപ്റ്റംബർ 10ന് മുമ്പ് അതിരൂപതാ ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. അതിനുശേഷം ആരെയും പരിഗണിക്കുന്നതല്ല.

## അതിരൂപതാ കൗൺസിൽ വാർഷികം

മിഷൻലീഗ് അതിരൂപതാ കൗൺസിലും വാർഷികവും, 2016 ഒക്ടോ. 1-ാം തീയതി ശനിയാഴ്ച ചെമ്പേരി ഫൊറോനപള്ളിയിൽവച്ച് നടത്തുന്നു. കഴിഞ്ഞ പ്രവർത്തനവർഷം അതിരൂപതാതലത്തിൽ ഒന്നുംരണ്ടും മൂന്നാം സ്ഥാനങ്ങൾ നേടിയ ശാഖകൾക്കും മേഖലകൾക്കുമുള്ള ട്രോഫിയും ക്യാഷ് അവാർഡുകളും ഈ വാർഷികാഘോഷ സമ്മേളനത്തിൽ വച്ച് നല്കുന്ന

തായിരിക്കും. മുഴുവൻ ശാഖാ-മേഖലാഭാരവാഹികളും വൈസ്ഡയറക്ടേഴ്സും പങ്കെടുക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. 9 മണിക്ക് വി. കുർബാനയോടെ പരിപാടികൾ ആരംഭിക്കുന്നതായിരിക്കും.

### കരുണയുടെ തീരംതേടി

കാരുണ്യവർഷത്തോടനുബന്ധിച്ച് സംസ്ഥാന പ്രതിനിധികളും അതിരൂപതാ പ്രതിനിധികളും ഒന്നുചേർന്ന് വെമ്പുവ തെരേസ ഭവൻ സന്ദർശിക്കുകയും, ആശംസകളും പ്രാർത്ഥനകളും അറിയിക്കുകയും ചെയ്യുന്നു.

### ആക്ഷൻ സോങ്ങ് റിയാലിറ്റി ഷോ - ശാലോം ടിവിയിൽ കുട്ടികൾക്ക് അവസരം

തലശ്ശേരി അതിരൂപത മിഷൻലീഗും ശാലോം ടെലിവിഷനും ചേർന്ന്, മിഷൻലീഗ്, തിരുബാലസംഖ്യ കുട്ടികൾക്കായി (LKG- X$^{th}$) ബൈബിൾ സന്ദേശമുൾകൊള്ളുന്ന ആക്ഷൻ സോങ്ങ് റിയാലിറ്റി ഷോ സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 ശാഖകൾക്ക് മാത്രമേ മത്സരത്തിൽ പങ്കെടുക്കാൻ അവസരമുണ്ടായിരിക്കുകയുള്ളൂ. തെരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല 15 ആക്ഷൻ സോങ്ങുകൾ ഉൾപ്പെടുത്തി കാസറ്റ് റിലീസിങ്ങും ഉണ്ടായിരിക്കും. അവതരിപ്പിക്കപ്പെടുന്ന 50 എണ്ണത്തിൽ പ്രാഥമിക റൗണ്ടിൽ യോഗ്യത നേടുന്ന എല്ലാവർക്കും ശാലോം ടിവിയിൽ പ്രോഗ്രാം ചെയ്യാനുള്ള അവസരമുണ്ടായിരിക്കും.

### ക്രമീകരണം

**രജിസ്ട്രേഷൻ അവസാന തീയതി - സെപ്റ്റംബർ15**

പ്രാഥമിക റൗണ്ട് - ഏതെങ്കിലും ബൈബിൾ സന്ദേശമുൾക്കൊള്ളുന്ന പാട്ട്. പാട്ട് ഒറിജിനൽ ആയിരിക്കണം. നിലവിലുള്ള പാട്ടുകൾ ഉപയോഗിക്കാൻ പാടുള്ളതല്ല. വേഷവിധാനങ്ങൾ ഉപയോഗിക്കാവുന്നതാണ്. പാട്ട് മുൻകൂട്ടി റിക്കോർഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്.

**ഫൈനൽ റൗണ്ട്** - തിരഞ്ഞെടുക്കപ്പെടുന്ന 15 ടീമുകൾക്ക് വ്യത്യസ്തതയുള്ള മറ്റൊരു റൗണ്ട് (വിവിധഭാഷ, സ്പീട് തുടങ്ങിയവ ആവാം).

ഒന്നാം സമ്മാനം 5001/-
രണ്ടാം സമ്മാനം 3001/-
മൂന്നാം സമ്മാനം 2001/-

സ്നേഹപൂർവ്വം

**ബേബി പ്ലാശ്ശേരി**
സെക്രട്ടറി



# തിരുബാലസഖ്യം

സ്നേഹ ബഹു. അച്ചന്മാരേ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

പരിശുദ്ധ അമ്മയുടെ പിറവിതിരുനാളിനായി നാം ഒരുങ്ങുമ്പോൾ നമ്മുടെ കൊച്ചുകൊച്ചു സുകൃതങ്ങളും കാരുണ്യപ്രവർത്തികളും കോർത്തിണക്കി മനോഹരമായ ഒരു പിറന്നാൾ സമ്മാനം അമ്മയ്ക്ക് സമ്മാനിക്കാൻ ഉണ്ണീശോയുടെ കൊച്ചുകൂട്ടുകാരെല്ലാവരും ശ്രദ്ധിക്കുമല്ലോ. പിറവിതിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു.

### മദർതെരേസ ഫാൻസി ഡ്രസ്സ് മത്സരം

വി. മദർതെരേസായുടെ തിരുനാളിനോടനുബന്ധിച്ച് തിരുബാലസഖ്യം കുട്ടികൾക്കായി മദർതെരേസ ഫാൻസിഡ്രസ്സ് മത്സരം സംഘടിപ്പിക്കുന്നു. ശാഖയിൽ താത്പര്യമുള്ള കുട്ടികൾക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാം. സെപ്റ്റംബർ 4 ഞായറാഴ്ച ശാഖാതല മത്സരം നടത്തി ശാഖയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന ഫാൻസി ഡ്രസ്സിന്റെ ഫോട്ടോ സെപ്റ്റംബർ 15ന് മുമ്പ് ഓഫീസിലേക്ക് അയച്ചുതരുമല്ലോ. അതിരൂപതാ തലത്തിൽ 1,2,3 സ്ഥാനങ്ങൾ ലഭിക്കുന്ന കുട്ടികൾക്ക് ട്രോഫിയും ക്യാഷ് അവാർഡും മേഖലാ അടിസ്ഥാനത്തിൽ ഓരോ പ്രോത്സാഹനസമ്മാനവും ഉണ്ടായിരിക്കും.

മദർതെരേസായുടെ വിശുദ്ധപ്രഖ്യാപനത്തോടനുബന്ധിച്ച് ശാഖകളിൽ റാലിയും മറ്റ് പരിപാടികളും നടത്തി വി. മദർതെരേസായെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കാൻ ബഹു. വൈസ് ഡയറക്ടേഴ്സ് ശ്രദ്ധിക്കുമല്ലോ.

### 'നിങ്ങൾക്കറിയാമോ' ജൂലൈ മാസത്തെ വിജയികൾ

I ജോൺ വെളിയത്ത് - നെടുംപുറഞ്ചാൽ
II ആഷ്വിൻ ജോൺ - പരിയാരം
III അൽക്ക അന്ന ജോൺ - വിജയപുരം

### 'നിറം കൊടുക്കാമോ' ജൂലൈ മാസത്തെ വിജയികൾ

I ആൻസ് സംഗീത പുതിയാപറമ്പിൽ - പാടിയോട്ടുചാൽ
II ഏയ്ഞ്ചൽ മരിയ തിരുവിളപ്പറമ്പിൽ - കണ്ണിവയൽ
III മരിയ കുലച്ചിത്തറ - കണിച്ചാർ

**ഈശോയെപ്പോലെ വളരാം... വലുതാകാം ശാലോം ടിവിയിൽ**

സെപ്റ്റംബർ മാസത്തിൽ ഉണ്ണീശോയുടെ കൂട്ടുകാരായ കുഞ്ഞുങ്ങൾ ഉണ്ണീശോയെപ്പോലെ ഔദാര്യമുള്ളവരാകാൻ പഠിക്കുകയാണ്. തനിക്കുള്ള തെല്ലാം ഇല്ലാത്തവരുമായി പങ്കുവച്ച് എല്ലാവരെയും സ്നേഹിച്ച ഈശോ യെപ്പോലെ നമുക്കുള്ളവ ഇല്ലായ്മയുടെ വേദനയനുഭവിക്കുന്ന നമ്മുടെ കൂട്ടു കാരുമായി പങ്കുവച്ച് ഔദാര്യമുള്ളവരായി മാറാം.

അന്ധനെ സുഖപ്പെടുത്തുന്ന ഈശോയുടെ ചിത്രത്തിന് നിറം കൊടുത്ത് മനോഹരമാക്കിയും ചിത്രത്തിലെ ഉപമ ഏതെന്ന് കണ്ടെത്തി രസകരമായ അടിക്കുറിപ്പുകൾ തയ്യാറാക്കിയും ഒക്ടോബർ 15നു മുമ്പ് അച്ചന് അയച്ചുതരണേ. കഴിഞ്ഞ മാസം 220ഓളം കുട്ടികൾ പങ്കെടുത്തു. എല്ലാ വർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

ശാലോം ടിവിയിൽ പ്രക്ഷേപണം ചെയ്യുന്നു. നിങ്ങൾക്കും പങ്കെടുക്കാം. തിരുബാലസഖ്യം കുട്ടികൾക്കായി നമ്മൾ നടത്തുന്ന ഈശോയെപ്പോലെ വളരാം വലുതാകാം എന്ന വർക്ക ബുക്കിലെ ഓരോ അധ്യായങ്ങളും കുട്ടികൾക്കുള്ള പ്രോഗ്രാമായി ചെയ്യാനാഗ്രഹിക്കുകയാണ്. വർക്കുബുക്കു മായി നല്ല പരിചയവും, സംസാരപാടവവും, സ്മാർട്ടുമായ 25 കുട്ടികൾക്ക് അവസരം ഉണ്ടായിരിക്കും. താല്പര്യമുള്ളവർ സെപ്റ്റംബർ 10ന് മുൻപ് അതിരൂപതയിൽ കുട്ടികളുടെ ഫോട്ടോ സഹിതം അപേക്ഷിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഡയറക്ടർ അച്ചനെയോ, വൈസ്ഡയറക്ടർ സിസ്റ്ററിനൊയോ ഉടൻ ബന്ധപ്പെടുക.

സ്നേഹപൂർവ്വം

**ഫാ. ഫ്രാൻസിസ് മേച്ചിറാകത്ത്**
അതിരൂപതാ ഡയറക്ടർ